SANTHINIKETHAN HIGHER SECONDARY SCHOOL
THIRUVALLUR

# ARTISTRY INSIGHTS

Digital magazine -- 2K24

# ആമുഖം

സർഗാത്മകതയുടെ വിളനിലമാണ് നമ്മുടെ സ്കൂളുകൾ. വിദ്യാർഥികൾക്ക് ഭാവനയുടേയും ആശയങ്ങളുടേയും നീലാകാശത്ത് പറന്നുയരാനുള്ള അവസരങ്ങൾ ഇന്ന് യഥേഷ്ടം ലഭ്യമാണ്. വിവര സാങ്കേതിക വിദ്യയുടെ വികാസം ആശയ പ്രകാശനത്തിനുള്ള പുതുവാതിലുകൾ തുറന്നിടുകയാണ്.

ശാന്തിനികേതൻ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണിത്. വിദ്യാർഥികളുടെ വരകളും വരികളും വർണ്ണനകളുമാണ് ഇ-മാഗസിനിൻ്റെ അകക്കാമ്പ്. ഇവിടെ, അക്ഷരങ്ങൾ കഥ പറയുകയും നിറക്കൂട്ടുകൾ കവിത എഴുതുകയും ചെയ്യുന്നുണ്ട്. വാക്കുകൾ പൂക്കുന്ന പൂങ്കാവനവും ഭാവനകൾ വിരിയുന്ന വർണ്ണപ്രപഞ്ചവും ഇതു തന്നെ. സർഗാത്മകതയുടെ മുത്തും പവിഴവും തേടിയുള്ള ഈ യാത്രയിൽ തണലുതന്ന എല്ലാ തണൽമരങ്ങൾക്കും അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.




**പ്രസന്ന. പി**
**പ്രിൻസിപ്പാൾ**

അറിവിൻറ ലോകം അനന്തമാണ്. നമ്മുടെ വിദ്യാഭ്യാസ മേഖല യും, വിജ്ഞാന വിനിമയത്തിൻറ പുതിയ ചക്രവാളങ്ങളിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. വിവരസാങ്കേതിക വിദ്യയിൽ വിദ്യാർ ഥികളെ പ്രാപ്തരാക്കുന്നതിന് വേണ്ടി ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന പദ്ധതികൾ നൂതനവും ക്രിയാത്മകവുമാണ്. സർഗാത്മക ആവിഷ്കാരങ്ങളുമായി ലിറ്റിൽ കൈറ്റ്സ് പുറത്തിറ ക്കുന്ന ഡിജിറ്റൽ മാഗസിന് ഞങ്ങളുടെ എല്ലാവിധ ആശംസകളും നേരുന്നു.



**വൃന്ദ. കെ. പി**
**ഹെഡ്മിസ്ട്രസ്സ്**

**ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അതിബൃഹത്തായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ലോകത്താണ് നാമിന്നുള്ളത്. വിദ്യാർത്ഥികളെ ഇത്തരം മേഖലകളിലേക്ക് കൈപിടിച്ചുയർത്തുക എന്നതാണ് ഓരോ ലിറ്റൽസ് കൈറ്റ്സ് യൂണിറ്റിന്റെയും ലക്ഷ്യം.അതിൻറെ ഭാഗമായി വിദ്യാർത്ഥികൾ പുറത്തിറക്കിയ 2023 24 വർഷത്തെ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു**

# ഉള്ളടക്കം


സ്കൂൾ –– അല്പം ചരിത്രം ..........................................................5

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ....................................................7

അതൊക്കെ ഒരു കാലം ..............................................................9

പ്രതികരണം .............................................................................10

ഏകാന്തത ..................................................................................11

സൗന്ദര്യ സന്ധ്യ .........................................................................12

അറിയാത്ത ചതിക്കുഴി ...............................................................13

ആസ്വാദനക്കുറിപ്പ് രണ്ടാമൂഴം ......................................................15

ആര് കേൾക്കും ...........................................................................17

പൂന്തേനരുണ്ണും പൂമ്പാറ്റ.........................................................18

മുലപ്പാൽ മധുരം.........................................................................19

പെയ്ത്ത് ....................................................................................20

പ്രകൃതി......................................................................................21

ചിത്രരചനകൾ............................................................................22

നന്ദി..........................................................................................25

# സ്കൂൾ -- അൽപം ചരിത്രം

1908 മുതൽ എഴുത്താശാൻമാരുടെ മേൽനേട്ടത്തിൽ തിരുവള്ളൂർ രാമപുരത്ത് പറമ്പിൽ നിലനിന്നിരുന്ന കുടിപ്പള്ളിക്കൂടത്തിൽ നിന്നാണ് ഈ വിദ്യാലയത്തിന്റെ ചചരിത്രം ആരംഭിക്കുന്നത്.അക്കാലത്ത് തിരുവള്ളൂർ റജിസ്ട്രാർ ആഫീസ് പ്രവർത്തിച്ചിരുന്നത് ഇപ്പോൾ മദ്രസ്സ കെട്ടിടം നിലനിൽക്കുന്ന സ്ഥലത്തെ രണ്ട് മുറി കെട്ടിടത്തിലായിരുന്നു.1914-ൽ റജിസ്ട്രാർ ആഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയപ്പോൾ രാമപുരത്തെ കുടിപ്പള്ളിക്കൂടം പഴയ റജിസ്ട്രാർ ആഫീസ് കെട്ടിടത്തിലേക്ക് മാറ്റുകയായിരുന്നു. ഈ സ്ഥലം തേക്കിൽ കമ്മ്ണൻ നായർ വക്കീലിന്റെ ഉടമസ്ഥതയിലായിരുന്നു. തുടർന്ന് സ്കൂളിന് രാമപുരം എലിമെന്ററി സ്കൂൾ എന്ന പേര് നിലവിൽ വന്നു. ഇക്കാലത്തെ പ്രധാനാധ്യാപകൻ കുന്നത്ത് കുഞ്ഞിക്കണ്ണക്കുറുപ്പും മാനേജർ പാരങ്കോട്ട് ശങ്കരക്കുറുപ്പും ആയിരുന്നു. രാമപുരം എലിമെന്ററി സ്കൂളിലെ മുൻകാല വിദ്യാർഥികളിൽ ചിലർ അന്ന് തിരുവള്ളൂരിലും പരിസരപ്രദേശങ്ങളിലുമായി ലോവർ ട്രെയിൻഡ് അധ്യാപകരായി ജോലി ചെയ്തിരുന്നു. രാമപുരം എലിമെന്ററി സ്കൂളിന്റെ ചരിത്രത്തിൽ ശ്രേഷ്ഠനായിട്ടുള്ള അധ്യാപക നായിരുന്നു കുന്നോത്ത് ബാപ്പു ഗുരിക്കൾ. സംസ്കൃത പണ്ഡിതനായിരുന്ന ഇദ്ദേഹം അത്രൂർ ദേശത്ത് നിന്നും ഇവിടെ വന്ന് കുട്ടികളെ പഠിപ്പിച്ചിരുന്നു. ചികിൽസ,ജ്യോതിഷം,സംസ്കൃതം,ഗണിതം,കാവ്യം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ ഇദ്ദേഹം പ്രാഗൽഭ്യം തെളിയിച്ചു.

ദേശീയ പ്രസ്ഥാനം ശക്തിപ്പെട്ടു വന്നതോടെ രാമപുരത്ത് എലിമെന്ററി വിദ്യാലയം ഒരു ഹയർ എലിമെന്ററി വിദ്യാലയമായി ഉയർത്തണമെന്ന ആവശ്യം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗത്ത് നിന്നും ശക്തമായി.അധ്യാപക ശ്രേഷ്ഠനായിരുന്ന കോരമ്പത്ത് കുഞ്ഞിരാമക്കുറുപ്പും പൗര പ്രധാനിയായിരുന്ന ചാലിൽ കണാരക്കുറുപ്പുമായിരുന്നു ഈ ആവശ്യത്തിന് നേതൃത്വം നൽകിയത്.തിരുവള്ളൂരിൽ ഒരു ഹയർ എലിമെന്ററി വിദ്യാലയം അനുവദിക്കാൻ കഴിയില്ലെന്ന നിലപാടായിരുന്നു ബ്രിട്ടീഷ് സർക്കാർ സ്വീകരിച്ചത്.



തോടന്നൂരിൽ കള്ളു ഷാപ്പുള്ളപ്പോൾ തിരുവള്ളൂരിലും കള്ളു ഷാപ്പ് അനുവദിച്ച സർക്കാരാണ് തോടന്നൂരിൽ ഹയർ എലിമെന്ററി സ്കൂളുള്ളപ്പോൾ തിരുവള്ളൂരിൽ അത് വേണ്ടെന്ന നിലപാടെടുക്കുന്നത് "എന്നായിരുന്നു ആ ആക്ഷേപം. ഈ വിമർശനത്തെ ത്തുടർന്ന് ബ്രിട്ടീഷ് സർക്കാർ തിരുവള്ളൂരിൽ ഹയർ എലിമെന്ററി സ്കൂൾ അനുവദിച്ച് ഉത്തരവായി.അങ്ങനെ 1928-ൽ രാമപുരത്ത് എലിമെന്ററി സ്കൂൾ, രാമപുരത്ത് ഹയർ എലിമെന്ററി സ്കൂൾ ആയി മാറി. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ മേൽനോട്ടത്തിലും നേതൃത്വത്തിലും ബംഗാളിൽ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് ശാന്തിനികേതൻ എന്ന സ്ഥാപനം ഉയർന്നു വരുന്ന കാലഘട്ടത്തിൽ തന്നെയായിരുന്നു, തിരുവള്ളൂരിലും വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വന്നു കൊണ്ടിരുന്നത്. അതുകൊണ്ടുതന്നെ തിരുവള്ളൂർ ഹയർ എലിമെന്ററി സ്കൂളിന്റെ ഭാരവാഹികൾ ദേശീയപ്രസ്ഥാനത്തിന്റെ വക്താക്കളും അനുകൂലികളുമായതിനാൽ ഈ വിദ്യാലയത്തിന്റെ പേര് ശാന്തിനികേതൻ എന്നാക്കി മാറ്റി. 1931-ൽ വിദ്യാലയത്തിന് പരിപൂർണ്ണ അംഗീകാരം ലഭിച്ചു. പി. കുഞ്ഞിരാമക്കുറുപ്പ് തന്നെയായിരുന്നു പ്രധാനാധ്യാപകൻ. 1957-ൽ ശാന്തിനികേതൻ ഹൈസ്കൂളായി മാറുമ്പോൾ ഹൈസ്കൂളിലെ ആദ്യപ്രധാനാധ്യാപകൻ ചന്ദ്രശേഖരൻ മാസ്റ്ററായിരുന്നു.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



1. മുഹമ്മദ് ഫാദി യാസീൻ
2. മിൻഹ ഫാത്തിമ
3. റുമാന ജെ എം
4. ഫാത്തിമ അഷറഫ്
5. ഫാത്തിമ നബ എം കെ
6. നഫ് ലപി
7. മുഹമ്മദ് നാജിഹ്
8. ഫാത്തിമത്ത് നഹ് ല പി
9. മുഹമ്മദ് ഹനാൻ
10. ഇൽഹ

11. ആയിഷ റിൻഷ എം വി

12. ഷിഫാന മുഹമ്മദ്

13. വഫ ഫാത്തിമ

14. നശ് വ ഷെറിൻ

15. ആയിഷ മുർഷിദ

16. നദ  ഫാത്തിമ. ടി കെ

17. മുഹമ്മദ് റബീഹ്

18. ലൈഹ എം

19. റിസ് വ ഷെറിൻ

20. ജിന ഫാത്തിമ

21. ഹിബ ഫാത്തിമ വൈ ടി

22. റിഫ ഫാത്തിമ ഇ

23. അൻഫാ ഷെറിൻ

24. മുഹമ്മദ് റായ്ഫ്

25. മാളവിക എം

26. തൻഹ ഫാത്തിമ . ഇ പി

27. സന ഫാത്തിമ വി എം

28. ഫാത്തിമ നഖീബ

29. മുഹമ്മദ് ഫർസീൻ എ 30.ഹാദി അബ്ദുള്ള ഹസീബ്

31. അലോന എസ് സജീവൻ

32. വിസ്മയ ബിജു

33. കീർത്തന വി എം

34. ആഷ്ലിൻ എ എസ്

35. ഹന ഫാത്തിമ എ സി

36. സുൽഹ ഫാത്തിമ

# അതൊക്കെ ഒരു കാലം !...

ഞങ്ങടെ സ്കൂൾകാലമാണടാ ഒരു കാലം മകൻ സ്കൂള്ന്ന് അടികിട്ടീറ്റ് വന്ന് മോങ്ങിക്കൊണ്ടിരിക്കുമ്പോ ഉപ്പ പറഞ്ഞ് തുടങ്ങി: "എടാ ഈ അടിയൊക്കെ എന്ത് പണ്ട് സ്കൂൾ പോവുമ്പൊ രാവിലെ 10:00 മണിക്ക് പോണ്ടത് 9:00 മണിക്ക് എണീച്ചിട്ട് ശടപടാ കാട്ടിക്കൂട്ടി ഉമ്മാന്റേട്ത്ത്ന്ന് ചായകുടിക്കാത്തേനും കേട്ട് അപ്പറത്തെ ശുക്കൂറിനെയും കൂട്ടി ഒര് നടത്തമായിരിക്കും ന്റെ ഫർഹാനെ .1/2 km നടന്ന് പോണം എന്നാ സ്പീഡിൽ നടക്കുക അതുല്ല ആ വയൽ വരമ്പത്തൂടെ പോയി നാരായണി ചേച്ചീടെ പൊരേന്റെ മുമ്പ് കൂടി പോവും. ആട ഒരു വലിയ പുളിമരം ഇണ്ട് .ആട്ന്ന് ഒരു ഏറ് മത്സരായിരിക്കും ഞാനും ശുക്കൂറും പിന്നെ കൊറേ കുട്ടികളും ഉണ്ടാകും. അതിന്റെ അപ്പുറത്തെ ദാസപ്പേട്ടന്റെ കാറിന് ഏറ് കൊണ്ടാൽ സീൻ. അവരുടെ അടുത്ത് ഒരു ചൂരൽ ഉണ്ട്. അതും എടുത്ത് ഒരു വരവായിരിക്കും.ഞങ്ങൾ എല്ലാവരും ഒരു ഓട്ടമായിരിക്കും.നേരെ സ്കൂളിലേക്ക് ബെല്ലടിച്ചു കഴിഞ്ഞ് കാമണിക്കൂറായാലാണ് ഞങ്ങൾ സ്കൂളിൽ എത്താറ്.നേരെ ക്ലാസിലേക്ക് ഓട്ടം.സുരഭി ടീച്ചർ ഉണ്ടാവും.ചൂരൽ പിടിച്ച് നിൽക്കുണ്ടാവും.തൊടക്ക് പൊളച്ച് കിട്ടും ഒന്നൊന്നുമല്ല ഓർക്ക് തോന്നുന്നത് വരേ അതാ കണക്ക്. ആ പിരീഡ് പുറത്തായിരിക്കും,അല്ലേൽ ബെഞ്ചിന് മുകളിൽ കയറ്റി നിർത്തും. അടുത്ത പിരീഡ് വരുന്ന സാർ ചോദ്യം ചോദിക്കും .ഞാനല്ലെ ആൾ ഒരു വക പഠിക്കുകയുമില്ല അതിനും കിട്ടും.സ്ക്കൂൾ വിട്ടാൽ പിന്നെ പവിത്രേട്ടന്റെ കടയിലേക്ക് ഓട്ടം അവിടുന്ന് പോപ്പിൻസ് വാങ്ങി കൊണ്ടുവരും ശുക്കൂർ പിന്നെ എല്ലാവരും ഓന്റെ പിന്നാലെ ഒരു ഓട്ടമായിരിക്കും "എനിക്ക് പച്ച, എനിക്ക് മഞ്ഞ".ഓരൊ കളർ പറഞ്ഞു കൊണ്ട് ഓട്ടം. പിന്നെ പാൽ ഐസ് വാങ്ങി തിന്നും.എന്താ ടേസ്റ്റ് ഓഹ്...!! . അയ്യ ടേസ്റ്റ് ഇപ്പോഴും എന്റെ നാവിൽ ഉണ്ട്. ഇതെല്ലാം കഴിഞ്ഞ് പള്ളിയിൽ പോയി നിസ്കരിക്കും ,അല്ലേൽ ഉപ്പ അടിച്ച് ഷെപ്പ് ആക്കും. എന്നിട്ട് ഒരു ഓട്ടമാ വയലിന്റെ അപ്പുറത്തുള്ള ഗ്രൗണ്ടിൽ ചോറ് പോലും കഴിക്കാതെ ബാഗ് വീട്ടിലേക്ക് എറിഞ്ഞ് ഒരു പോക്കാ. പിന്നെ മഅ്-രിബ് ബാങ്ക് കൊടുക്കുന്നത് വരെ അവിടുന്ന് ഫുഡ് ബോൾ കളിക്കും. ഓഹ്...!! ആ ഒരു കാലം !!. തിരിച്ച് കിട്ടില്ലെന്ന് അറിഞ്ഞിട്ടും തിരിച്ച് വേണമെന്ന് ആഗ്രഹിക്കുന്ന കാലം ...!!!

# പ്രതികരണം

അനർഹർ അർഹരാവുമ്പോൾ...
വിശന്നവയറിന്റെ നിലവിളി
മരണത്തോടെ നിലയ്ക്കുമ്പോൾ..
പണം സത്യത്തിനു
വില പറയുമ്പോൾ
ഗർഭപാത്രം പോലും
ചവിട്ടിമെതിക്കപ്പെടുമ്പോൾ
ദൂരെ ഒരു ഗൂഢാലോചന
ആകാശവും ഭൂമിയും.....
പ്രളയം,വരൾച്ച
മാറാരോഗങ്ങൾ
അത്രയേ അവർക്കും
പ്രതികരിക്കാനാവൂ........

ജസീറ

# ഏകാന്തത

ഏകാന്തത
പൊട്ടിച്ചിരിക്കാറില്ല...
കറുത്ത
വായു ശ്വസിച്ച് തലയിണയിൽ
മുഖം പൂഴ്ത്തി
കരയാതെ
കണ്ണുനീർ
പൊഴിക്കാനും
ഒരായിരം ചിന്തകൾ
ഒന്നിച്ചു വിഴുങ്ങാനും
വിശപ്പകറ്റി
നെഞ്ചിൽ കൂർത്ത
നഖങ്ങളുരസി
വേദനിപ്പിക്കുവാനും
കൂടെയുണ്ടാവും.......

ജസീറ

# സൗന്ദര്യ സന്ധ്യ

മഞ്ഞണി ചാർത്തിവരും സന്ധ്യയേ

സന്ധ്യയെന്ന സൗന്ദര്യം ആരുനിനക്കു തന്നു

നീ ചുവക്കും നേരം കൂടണയും സർവ്വവും

അസ്തമിക്കും നീ രാത്രിയുടെ കവാടം

ശിവപ്രിയ

# അറിയാത്ത ചതിക്കുഴി

ഷാഹിദ് ഒരു വലിയ കുടുംബത്തിലെ കുട്ടിയായിരുന്നു.അവരുടെ കൈയ്യിൽ ധാരാളം പണമുണ്ടായിരുന്നെങ്കിലും അവർ പിശുക്കന്മാരായിരുന്നു.ആരെങ്കിലും പണം കടം ചോദിച്ചാൽ പോലും അവർ കൊടുക്കാറില്ല.അത് കൊണ്ട് തന്നെ ആ നാട്ടിലുള്ളവർക്ക് അവരെ ഇഷ്ടമായിരുന്നില്ല.ആരും കൂട്ടുകൂടാനൊന്നും പോകില്ല.അവർ ഒരു ഒറ്റപ്പെട്ട ജീവിതം നയിച്ചു.ഉപ്പയായ ഇഖ്ബാലും ഉമ്മയായ ആമിനയും സന്തോഷവാന്മാരാണ്.അവർ ഷാഹിദിനെ പറ്റി ചിന്തിക്കാറില്ല.കൂട്ടുകാർ ഒന്നും ഇല്ലാത്തതിനാൽ അവന് ജീവിതം മടുത്തിരുന്നു.അവന്റെ മാതാപിതാക്കൾ അഹങ്കാരികളും ദുസ്വഭാവികളും ആയിരുന്നു.ഷാഹിദിന് മിഠായി വാങ്ങാൻ പോലും അവർ പണം കൊടുക്കാറില്ല.അങ്ങനെ ഒരു ദിവസം ഷാഹിദ് സ്കൂൾ വിട്ട് വരുമ്പോൾ അവന്റെ അടുത്തേക്ക് ഒരാൾ വന്നു.അവന് ഒരു മിഠായി കൊടുത്തു.ആ സമയം ഷാഹിദ് ചോദിച്ചു. "നിങ്ങൾ എന്തിനാണ് എനിക്ക് മിഠായി തന്നത്." അയാൾ പറഞ്ഞു:"ഇന്ന് എന്റെ മകന്റെ പിറന്നാളാണ് അത് കൊണ്ട് തന്നതാണ്."ഇങ്ങനെ എല്ലാവർക്കും നിങ്ങൾ കൊടുക്കാറുണ്ടോ"."ഇല്ല എനിക്ക് കുട്ടികളോട് ഭയങ്കര ഇഷ്ട്ടമാണ് അത് കൊണ്ടാണ്."അതും പറഞ്ഞ് അയാൾ അവിടെ നിന്നും വേഗം പോയി.അവൻ അതും തിന്ന് വീട്ടിലേക്കും പോയി.ആദ്യമൊന്നും അവന് ഒന്നും തോന്നിയില്ലെങ്കിലും പിന്നെ അവന് വീണ്ടും വീണ്ടും അത് വേണമെന്ന് തോന്നി.ഒരു വഴിയുമില്ല. അടുത്ത ദിവസം അയാളെ കണ്ടാൽ ഒന്നും കൂടി ചോദിച്ചാൽ തരുമായിരിക്കും.പിറ്റേ ദിവസം സ്കൂളിൽ പോയി.അവൻ വൈകുന്നേരമാവാൻ കാത്ത് നിന്നു.സ്കൂൾ വിട്ടപ്പോൾ ഷാഹിദ് ഇന്നലെ അയാളെ കണ്ട സ്ഥലത്തേക്ക് ഓടി. അയാൾ അവിടെ ഉണ്ടായിരുന്നു. അവൻ ചോദിച്ചു.

ഷാഹിദ് : ഇന്നലെ തന്ന മിഠായി ഇനിയുണ്ടോ

അയാൾ : ഉണ്ട്,ഒന്നുകൂടിയെ ഉള്ളൂ. ഇനി വേണമെങ്കിൽ പൈസ തരണം.

ഷാഹിദ് : അതിന് എന്റെ കയ്യിൽ പൈസയില്ല.എനിക്ക് വീട്ടിൽ നിന്നും പൈസ തരാറുമില്ല.

അയാൾ : അങ്ങനെയാണെങ്കിൽ നീ ആരുമറിയാതെ കട്ടെടുക്ക്.

ഷാഹിദ് : അത് തെറ്റാണ്,എനിക്ക് പേടിയാ.

അയാൾ : എങ്കിൽ നിനക്ക് മിഠായിയില്ല.

അവന് വല്ലാതെ അസ്വസ്ഥത അനുഭവപ്പെട്ടു.അവന് പഠിക്കാനും ഭക്ഷണം കഴിക്കാനും സാധിച്ചില്ല. ഉറങ്ങാൻ കിടന്നെങ്കിലും ഉറങ്ങാൻ അവന് സാധിക്കുന്നുണ്ടായിരുന്നില്ല.എങ്ങനെ പണം ലഭിക്കുമെന്നായിരുന്നു നേരം വെളുക്കുംവരെ അവന്റെ ചിന്ത.

പുലർച്ചെ അവൻ അയാൾ പറഞ്ഞത് പോലെ ചെയ്യാൻ തീരുമാനിച്ചു. അവൻഉമ്മയുടെ ബാഗിൽ നിന്നും ആരും അറിയാതെ പണം എടുത്തു. അവന് നല്ല പേടിയുണ്ടായിരുന്നു. അന്ന് വൈകുന്നേരം അവൻ അയാളുടെ അടുത്ത്പോവുകയും പണം കൊടുത്ത് മിഠായി വാങ്ങുകയും ചെയ്തു. ഇത് ദിവസങ്ങളായിത തുടർന്നു. അങ്ങനെ ഒരു ദിവസം അവന് പണം ലഭിച്ചില്ല. അവന് അത് തിന്നാതിരിക്കാൻ സാധിക്കുമായിരുന്നില്ല. അവൻ അയാളോട് ഒരു പാട് അപേക്ഷിച്ചെങ്കിലും അയാൾ പൈസ കൊടുക്കാതെ അത് നൽകാൻ തയ്യാറായില്ല. അവന് അത് ലഭിക്കാതെയായപ്പോൾ സമനില തെറ്റുകയും ഭ്രാന്തനെപ്പോലെയാവുകയും ചെയ്തു. അവൻ നേരം വൈകിയായിരുന്നു അന്ന് വീട്ടിലെത്തിയിരുന്നത്. ഉമ്മ ചോദിച്ചു .

ഉമ്മ : എന്താ ശാഹിദെ നീ ഇന്ന് വൈകിയത്
ഷാഹിദ് : അതിന് നീയാരാടീ എന്റെ കാര്യം നോക്കാൻ
ഉമ്മ : എന്താടാ ! നീയാരോടാണ് പറയുന്നത് എന്നറിയാമോ
ഷാഹിദ് : എത്ര പറഞ്ഞാലും നിനക്ക് മനസ്സിലാകില്ലേ ...എന്നെ ഒന്ന് വെറുതെ വിട്ടുമോ
ഉമ്മ : മോനെ നിനക്കെന്ത് പറ്റിയെടാ

അവൻ ഭ്രാന്തനെപ്പോലെ മുറിയിൽ കയറി വാതി ലടച്ചു. ഉമ്മ അവന്റെ പിന്നാലെ പോയി വാതിലിന് മുട്ടി. അവൻ വാതിൽ തുറന്നില്ല. അവന്റെ ഉമ്മാക്ക് പേടിയായി. വിവരമറിഞ്ഞ് അവന്റെ ഉപ്പയുമെത്തി. അവർ പോലീസിനെ വിളിക്കാൻ തീരുമാനിച്ചു. പോലീസ് വരികയും വാതിൽ ചവിട്ടിത്തുറക്കുകയും ചെയ്തു. ഷാഹിദ് അവരെ കണ്ടതും ഓടാനും കരയാനും തുടങ്ങി. പോലീസിന് കാര്യം പിടികിട്ടി. അവർ ഷാഹിദിനെ കൗൺസിലിങ്ങിന് വിദ്ധേയമാക്കി. അവന്റെ മാതാപിതാക്കൾ പോലീസിനോട് കാര്യം അന്വേഷിക്കുകയും അവർ എല്ലാ കാര്യങ്ങളും അവരെ പറഞ്ഞ് മനസ്സിലാക്കുകയും ചെയ്തു. അവർക്ക് അവരുടെ തെറ്റ് മനസ്സിലായി. അവർ ഷാഹിദിനെ വാരിപ്പുണർന്നു. അതിന് ശേഷം ഷാഹിദിന് അവരുടെ യഥാർത്ഥ സ്നേഹം ലഭിക്കാൻ തുടങ്ങി. പിന്നെ അവർ സന്തോഷത്തോടെയുള്ള ജിവിതം നയിച്ചു .

ഫാത്തിമ നഹല

# ആസ്വാദനക്കുറിപ്പ്

# രണ്ടാമൂഴം

ഞാൻ വായിച്ച പുസ്തകത്തിന്റെ പേരാണ് 'രണ്ടാമൂഴം'. ഇത് രചിച്ചത് പ്രശസ്ത കഥാകൃത്തായ എം.ടി.വാസുദേവൻനായരാണ്. ഇതിൽ ഭീമസേനൻ 'ഞാൻ' എന്ന അഭിസംബോധനം ചെയ്തുകൊണ്ടാണ് കഥ പറയുന്നത്. ഭീമന്റെ ദുഃഖങ്ങൾ ഇതിഹാസത്തിലെ ജീവിതാരവങ്ങൾക്കിടയിൽ എത്രമാത്രം അനാഥമാണെന്ന് 'രണ്ടാമൂഴം' വായിച്ചാലറിയാം. ഇതിലെ പ്രധാന കഥാപാത്രങ്ങളാണ് ഭീമസേനൻ, യുധിഷ്ഠിരൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ, ദുര്യോധനൻ, ശകുനി, കർണ്ണൻ, അശ്വത്ഥമാവ്, വിശോകൻ, ശല്യർ, കൃതകർമ്മാവ്, കൃപർ, ഘടോൽക്കചൻ, അഭിമന്യു, ദ്രൗപതി, എന്നിവർ കൂടാതെ മറ്റു പല കഥാപാത്രങ്ങളുമുണ്ട്.

വിരാടരാജ്യത്തേക്ക് ശത്രുക്കൾ അറിയാതെ ദ്രൗപതി, അർജ്ജുനൻ, ഭീമസേനൻ, യുധിഷ്ഠിരൻ, നകുലൻ, സഹദേവൻ, എന്നിവർ പേരുകൾ മാറ്റിപ്പോകുന്നു. ദ്രൗപതി സൈരന്ധ്രി എന്ന ദാസിയായിട്ടും, യുധിഷ്ഠിരൻ കങ്കൻ എന്ന ചൂതുകളിക്കാരനായിട്ടും, അർജ്ജുനൻ സംഗീതം പഠിപ്പിക്കുന്ന ബൃഹന്നളയായിട്ടും ഭീമസേനൻ വല്ലവൻ എന്ന അടുക്കളക്കാരനായിട്ടും, നകുലൻ പശുത്തൊഴുത്തിലെ അംഗമായിട്ടും, സഹദേവൻ കുതിരപ്പന്തിയിലെ അംഗമായിട്ടും ആണ് പോയത്.

യുധിഷ്ഠിരൻ പലപ്പോഴും ഭീമസേനനെ 'മന്ദാ' എന്ന് വിളിക്കാറുണ്ട്. ഈ രണ്ടു സന്ദർഭങ്ങളും എന്നെ രസിപ്പിച്ചു. ഇതിൽ എന്റെ മനസ്സിന് പുളകം തോന്നിച്ച സന്ദർഭങ്ങളാണ് ഭീമന്റെ പോരാട്ടങ്ങളും ജയവും പിന്നെ ഭീമന്റെ ആത്മധൈര്യവും. ശകുനിയോട് കള്ളച്ചൂതിനു നിന്ന യുധിഷ്ഠിര മഹാരാജാവിന്റെ സമ്പത്തും മറ്റും എല്ലാം പോയി. അതിനാൽ ദുര്യോധനന്റെ ആജ്ഞപ്രകാരം 13 വർഷം കാട്ടിൽ താമസിക്കാൻ വിധിക്കപ്പെട്ട യുധിഷ്ഠിരനും, ഭീമനും, ദ്രൗപദിയും, അർജ്ജുനനും, നകുലനും, സഹദേവനും കുറച്ചു ദിവസം കാട്ടിൽ താമസിച്ചു. പിന്നീട് കാമ്യകത്തിലേക്ക് താമസം മാറ്റി. താവളം മനസ്സിലാക്കിയ ദുര്യോധനനും കൂട്ടരും ഹസ്തിനപുരത്ത് നിന്നും പുറപ്പെടും എന്ന് ചാരന്മാർ അറിയിച്ചു. അങ്ങനെയിരിക്കെ ആ രാത്രി ദുര്യോധനന്റെ രണ്ട് സൈനികർ വന്നു. എന്നിട്ട് സഹായം ചോദിച്ചു. വരുന്ന വഴിക്ക് ദുര്യോധനന്റെ സംഘം ചിത്രസേനനെ ബന്ധിച്ചു. ചിത്രസേനന്റെ സൈന്യം തൊട്ടടുത്ത് വിശ്രമിക്കുന്ന കാര്യം അറിയാതെ പോയ ദുര്യോധന സംഘം ബന്ധിക്കപ്പെട്ടു.വേഗം തന്നെ യുധിഷ്ഠിരസംഘം പുറപ്പെട്ടു. അവരെ രക്ഷിച്ചു. എന്നിട്ടും കൗരവർ പാണ്ഡവരെ ദ്രോഹിച്ചു, തീരെ കരുണയില്ലാതെ. ഈ ഭാഗം എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു.

അവസാനം പാണ്ഡവപക്ഷവും കൗരവപക്ഷവും തമ്മിൽ ദ്വന്ദ്വയുദ്ധമുണ്ടായി. രണ്ടുപക്ഷവും തമ്മിലുള്ള പോരാട്ടത്തിൽ അഭിമന്യു, ഘടോൽക്കചൻ, ഉത്തരൻ, ദ്രുപദൻ, വിരാടൻ എന്നിങ്ങനെയുള്ളവർ പാണ്ഡവപക്ഷത്തുനിന്നും മരണപ്പെട്ടു. അങ്ങനെ അർജ്ജുനൻ കർണ്ണനെ കൊന്നു. പാണ്ഡവപക്ഷം വിജയിച്ചു. കൗരവപക്ഷത്ത് ദുര്യോധനനും, അശ്വത്ഥമാവും, കൃതകർമാവും, കൃപരും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ദുര്യോധനൻ നദിക്കടുത്തുള്ള ഗുഹയിൽ കയറി ഒളിച്ചത്, പാണ്ഡവർ അറിഞ്ഞില്ല. അശ്വത്ഥമാവിനെയും കൃപരെയും കൃതകർമ്മാവിനെയും ഭീമസേനൻ ചോദ്യം ചെയ്ത ശേഷം സമ്മാനങ്ങൾ കൊടുത്ത് പറഞ്ഞയച്ചു. ദുര്യോധനൻ നദിക്കടുത്തുള്ള ഗുഹയിലുണ്ട് എന്ന വിവരം ചാരന്മാർ പാണ്ഡവരെ അറിയിച്ചു. അങ്ങനെ ഭീമനും ദുര്യോധനനും തമ്മിൽ യുദ്ധം ചെയ്തു. ദ്ദുര്യോധനനും അന്ത്യശ്വാസം വലിച്ചു,മരണപ്പെട്ടു. അങ്ങനെ പാണ്ഡവപക്ഷം ഹസ്തിനപുരത്തെത്തി മരണപ്പെട്ടവർക്കുവേണ്ടി ജലാഞ്ജലികൾ അർപ്പിക്കാൻ എല്ലാവരും പുഴയ്ക്കരയ്ക്കടുത്തെത്തി.അപ്പോൾ ഭീമന്റെ അമ്മ അവരോട് പറഞ്ഞു. "കൗരവപക്ഷത്ത് നിന്നുള്ള ഒരാൾക്കുവേണ്ടി നിങ്ങൾ ജലാഞ്ജലികൾ അർപ്പിക്കേണ്ടതുണ്ട്. നിങ്ങളുടെ എല്ലാവരുടെയും ജ്യേഷ്ഠൻ, കർണ്ണൻ." ഈ ഭാഗം എന്നെ അത്ഭുതപ്പെടുത്തി.

ഈ നോവൽ എനിക്ക് വളരെയധികം ഇഷ്ടമായിട്ടുണ്ട്. ഇതിൽ നല്ല ഭാഷാപ്രയോഗങ്ങൾ എഴുത്തുകാരൻ ഉപയോഗിച്ചിട്ടുണ്ട്. ഇതിലെ ഏഴാമത്തെ അദ്ധ്യായം എന്റെ മനസ്സിനെ പിടിച്ചുകുലുക്കിയ ഭാഗമാണ്. ഈ കഥ വായിച്ചപ്പോൾ എനിക്ക് ഡോ.സി.കെ.ചന്ദ്രശേഖരൻനായരുടെ 'കുരുക്ഷേത്രയുദ്ധങ്ങൾ' എന്ന നോവൽ ഓർമ്മ വന്നു. ഭീമന്റെ ദുഃഖവും സന്തോഷവും എല്ലാം ഉൾകോണ്ട ഒരു പുസ്തകമാണ് 'രണ്ടാമൂഴം' എന്ന് ഇത് വായിച്ചാലറിയാം.

തൻഹ ഫാത്തിമ

# ആര്
# കേൾക്കും

എന്നിലങ്ങനെ ഒരുപാട് ഉണ്ട്
ദുഖഃങ്ങൾ
അതിനെ കാതോർക്കാൻ
ആരുമില്ലിന്ന്
സത്യം,
ഏവരും എന്തിന് പിന്നാലെയോ
ഓടുന്നു
പരസ്പരം
കേൾവിക്കാരനാവാൻ
കഴിയുന്നില്ലെന്ന്...
എന്ന് അതിന്
കഴിയുന്നുവോ
നീ നിന്റെ വിജയത്തിലെത്തി
എന്നത് സത്യമായി തീരുമാ നിമിഷം

# പൂന്തേനുണ്ണും പൂമ്പാറ്റ

പൂമ്പാറ്റേ പൂമ്പാറ്റേ
എന്തോരു ചേലാ കണാൻ
പൂന്തേനുണ്ണും പൂമ്പാറ്റേ
പൂമ്പോടി പൂശും പൂമ്പാറ്റേ
എന്തൊരു രസമാ കാണാൻ
മുല്ലപ്പൂവ് ചോദിച്ചു
തരുമോ തരുമോ എനിക്കു നിറം
മുല്ലപ്പൂവേ ചങ്ങാതീ
വെള്ള നിറത്തിൽ എന്തെരു ഭംഗി കാണാൻ
പൂമ്പാറ്റെ പൂമ്പാറ്റെ
എന്തൊരു ചേലാ കാണാൻ
പാറി പാറി നടന്നീടും
കാഴ്ച്ചകളെല്ലാം കണ്ടീടും
പൂവിലിരുന്ന് പറഞ്ഞീടും
പൂവുകളെല്ലാം കേട്ടീടും
പൂവുകളെല്ലാം പറഞ്ഞീടും
പൂമ്പാറ്റേ പൂമ്പാറ്റേ
നാളെ നീ വന്നാലും
നിറയെ പൂന്തേൻ തന്നീടും
പൂമ്പാറ്റേ പൂമ്പാറ്റേ
എന്തൊരു ചേലാ കാണാൻ

ഫാത്തിമത്തു നഹ്‌ല

# മുലപ്പാൽ മധുരം

അമ്മയെന്ന മഹാസ്ത്രീയുടെ
മുലപ്പാലിനേക്കാൾ എന്തിനുണ്ട്
ഇത്രമേൽ മധുരം
പിറന്നു വീഴുന്ന കൈക്കുഞ്ഞിന്
ജീവന്റെ തുടിപ്പേകും ധവള മധുരം
ബാല്യത്തിലോരോ ബാലികയും
കരഞ്ഞുപിടഞ്ഞത് ഈ പാലിനായ്
കൈക്കുഞ്ഞായിരിക്കുന്ന ഓരോ
പിഞ്ചുകുഞ്ഞിനും എന്നുമാശ്രയം
ഈ മുലപ്പാൽ മധുരം തന്നെ
അത്രമേൽ രുചിയാണ്
അത്രമേൽ മധുരമാണ്
മാതൃബന്ധത്തിൻ നെടും തൂണായ്
മധുര രുചിയുമായ് നിലനിൽക്കും
എന്നും ഈ മധുരം
അടുക്കളയിലമ്മ വെക്കും
കറിക്കോ പലഹാരത്തിനോ അല്ല
അമ്മയുത്പാദിപ്പിക്കും
ഈ പാനീയത്തിനാണെന്നരും രുചി..!

ആദിത്യാരാജ്

# പെയ്ത്ത്

പ്രണയമഴ–
ഒരിക്കൽ ഇരമ്പി
തിമർത്ത്
പെയ്തു
തോർന്നതാണ്.
ഓർമ്മകളുടെ
മരപ്പെയ്ത്ത്
നിലച്ചിട്ടില്ല.


മൊയ്തു

# പ്രകൃതി

പൂക്കളും കായ്കളും നിറഞ്ഞൊരെൻ പ്രകൃതി
ജീവിതശ്വാസം നിലയ്ക്കേണ്ട നേരം ഞാൻ –
അറിഞ്ഞു ചേരേണ്ടൊരെൻ പ്രകൃതി.
പച്ചയാം പട്ടിൽ വിരിഞ്ഞു നിൽക്കുന്ന–
സുന്ദരമാം എൻ പ്രകൃതി.
അമ്മയ്ക്കു ശേഷമെൻ അമ്മയായി തീരുന്നു
നീറുന്ന ദുഃഖത്തിൽ ആശ്വാസമാകുന്നു.
തീരാദുഃഖത്തിനലയടിക്കുമ്പോഴും നോവിനെ–
മധുരമായി മാറ്റുന്നൊരെന്നമ്മ!

സ്വാതി സലീഷ് കുമാർ

# ചിത്രരചനകൾ



ദീപാഞ്ജലി. ഇ



തുമ്പ



ശ്രീനന്ദ്



 തുമ്പ

# നന്ദി

ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ പൂർത്തിയാക്കി യിരിക്കുകയാണ്. തങ്ങളുടെതായ അതിമനോഹരമായ കൊച്ചു കൊച്ചു കഥ, കവിത സമാഹാരങ്ങൾ നൽകി ഞങ്ങ ളുടെ മാഗസിനു വേണ്ടി മനസ്സറിഞ്ഞ് പ്രവർത്തിച്ച അതിൽ പങ്കാളികളായ ലിറ്റിൽ കൈറ്റ്സിന്റെ മുഴുവൻ വിദ്യാർഥി വി ദ്യാർഥിനികൾക്കും അധ്യാപകർക്കും ഞങ്ങളുടെ പേരിൽ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.



**സുധീഷ്. പി**
**കൈറ്റ് മാസ്റ്റർ**



**അഞ്ജന.എസ്. വി**
**കൈറ്റ് മിസ്ട്രസ്സ്**